വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി

120 (903)പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന ശരാശരി വൈദ്യുതി പ്രസരണ നഷ്ടം എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടികൾമൂലം എത്ര ശതമാനം പ്രസരണനഷ്ടം ഒഴിവാക്കാനായെന്നും, എത്ര കോടി രൂപയുടെ വൈദ്യുതി ലാഭിക്കാനായെന്നും അറിയിക്കുമോ;

(സി) ഈ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് പ്രതിവർഷം വേണ്ടിവരുന്ന ആവർത്തന ചെലവ് എത്രയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ). 20.05 ശതമാനം.

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി 1996-97-ൽ 0.09 ശതമാനവും, 1997-98-ൽ 2.18 ശതമാനവും പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം 1996-97-ൽ 1.01 കോടി രൂപയുടെ വൈദ്യുതിയും, 1997-98-ൽ 28.8 കോടി രൂപയുടെ വൈദ്യുതിയും ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 1996-97-ൽ 21.38 കോടി രൂപയും (പ്രൊവിഷനൽ) 1997-98-ൽ 5.15 കോടി രൂപയും (പ്രൊവിഷനൽ) ചെലവഴിച്ചിട്ടുണ്ട്. 1998-99-ലെ കണക്ക് പൂർത്തിയായിട്ടില്ല.

(ഡി) 1996-97-ൽ 4.93 കോടി രൂപ ആവർത്തന ചെലവിനത്തിൽ ചെലവാക്കിയിട്ടുണ്ട്. 1997-1998, 1998-99 എന്നീ വർഷങ്ങളിലെ കണക്ക് പൂർത്തിയായിട്ടില്ല.

വൈദ്യുതി കണക്ഷനുകൾ

121 (904)പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇതുവരെ സംസ്ഥാനത്ത് മൊത്തം എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര പുതിയ ഇലക്ട്രിക്കൽ സർക്കിൾ ആഫീസുകളും ഡിവിഷനുകളും എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ സെക്ഷൻ ആഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് ഈ കാലയളവിൽ അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞ വൈദ്യുതിയുടെ അളവ് എത്ര;

(ഇ) സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും നിർത്തലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എപ്പോൾ മുതൽ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 9,11,649 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ഇരിങ്ങാലക്കുടയിൽ ഒരു സർക്കിൾ ആഫീസും താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഡിവിഷൻ ആഫീസുകളും ആരംഭിച്ചിട്ടുണ്ട്.

പുനലൂർ
കട്ടപ്പന
ഫെറോക്ക്
പൊന്നാനി
കാസർഗോഡ്

(സി) ആരംഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥലങ്ങളിൽ മേജർ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

1. നാലാഞ്ചിറ
2. കണിയാപുരം
3. വെള്ളറട
4. ശ്രീകാര്യം
5. കാഞ്ഞിരംകുളം
6. തേവലക്കര
7. കടയ്ക്കൽ
8. പാതിരപ്പള്ളി
9. മണിപ്പുഴ
10. അടിമാലി
11. വണ്ടിപ്പെരിയാർ
12. ഇടപ്പള്ളി
13. മരട്

LIBRARY ARCHIVES Kerala Legislative Assembly

14. ഇരിങ്ങാലക്കുട 11
15. കൊമ്പൊടിഞ്ഞ മാക്കൻ
16. കുന്ദംകുളം ബിഗ് ബസാർ
17. കുണ്ടന്നൂർ
18. പുത്തൻവേലിക്കര
19. കൊപ്പം
20. വൈത്തിരി
21. കുറ്റ്യാടി
22. മേലടി
23. കക്കോടി
24. പിണറായി

താഴെപ്പറയുന്ന സ്ഥലങ്ങളിൽ സെക്ഷൻആഫീസുകളും ആരംഭിച്ചിട്ടുണ്ട്.

1. മുള്ളേരി
2. പാടിയോടുചാൽ
3. രാമന്തളി
4. കുഞ്ഞിമംഗലം
5. ആലക്കോട്
6. ചാലോട്
7. ധർമ്മശാല
8. പാട്യം
9. കരിവെള്ളൂർ
10. വെള്ളിമാടുകുന്ന്
11. ഒരക്കട്ടേരി
12. മീനങ്ങാടി
13. കാടാമ്പുഴ
14. ചങ്ങരംകുളം
15. പൂറങ്ങ്
16. പടിഞ്ഞാറങ്ങാടി
17. പുതുക്കോട്
18. അമ്പലപ്പാറ
19. തച്ചമ്പാറ
20. കോതക്കുറിശ്ശി
21. വടക്കേക്കര
22. തേവങ്കൻ
23. മുത്തകുന്നം

LIBRARY ARCHIVES Kerala Legislative Assembly

24. കുറുപ്പന്തറ
25. പുഞ്ഞാർ
26. കുമ്പനാട്
27. നൂറനാട്
28. കുറ്റിക്കോൽ

(ഡി) ഈ കാലയളവിൽ കമ്മീഷൻ ചെയ്ത പുതിയ പദ്ധതികളിൽനിന്നും 1929.7085 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

(ഇ) നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പീക്ക് ലോഡ് സമയത്തെ ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി വഹിക്കാനുള്ള ലൈനുകളുടേയും സബ്സ്റ്റേഷനുകളുടേയും ശേഷിക്കുറവുമൂലമാണ് ലോഡ് ഷെഡ്ഡിംഗ് തുടരേണ്ടിവരുന്നത്. സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കാനും പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിക്കാനും ലൈനുകൾ നിർമ്മിക്കാനുമുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇവ പൂർത്തിയാകുന്നതോടെ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും നിർത്തലാക്കാൻ കഴിയുന്നതാണ്.

വൈദ്യുതി നിരക്ക് വർദ്ധനവ്

122 (905)ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1991-96 വരെയുള്ള കാലഘട്ടത്തിൽ വൈദ്യുതി നിരക്ക് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രാവശ്യവും എത്ര ശതമാനംവീതം വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പ്രാവശ്യവും എത്ര ശതമാനം വീതം വർദ്ധിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്നു പ്രാവശ്യം വർദ്ധിപ്പിച്ചു.

(ബി) താഴെപ്പറയും വിധമാണ് ഓരോ പ്രാവശ്യവും വർദ്ധിപ്പിച്ചത്.

വർഷം	വർദ്ധനവ് മൊത്തം ശരാശരി
1992-93	39.52 ശതമാനം
1993-94	10.96 ശതമാനം
1994-95	5.63 ശതമാനം

(സി) 1.2.97 മുതൽ മൊത്തം ശരാശരി വർദ്ധനവ് 25.5 ശതമാനമായിരുന്നു. 15.5.99-ൽ മൊത്തത്തിൽ ശരാശരി 31 ശതമാനം താരിഫ് വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly